ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX: 0471-2324951
email: celsgd@gmail.com
website: www.celsgd.com

നം. ഇ19-3368/2014/സിഇ/തസ്വഭവ

തീയതി : 04/08/2014

# സർക്കുലർ

സർ,

വിഷയം:- തസ്വഭവ - 01/01/2001 നും 31/12/2010 നും ഇടയിൽ നിയമിതരായവരുടെ സർവ്വീസ് ബുക്കുകളിലെ ന്യൂനതകൾ പരിഹരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) പി & എആർഡി യിലെ 08/04/2014 ലെ 3621/AVEIV(1)/2013/P&ARD നമ്പർ കത്ത്
2) ഈ ഓഫീസിലെ ഇ.19/3368/2014/സിഇ/തസ്വഭവ നമ്പർ, 29/04/2014 ലെ സർക്കുലർ
3) ഈ ഓഫീസിലെ 02/07/2014 ലെ ഇ.19/5429/2014/സിഇ/തസ്വഭവ നമ്പർ കത്ത്

**********

01/01/2001 നും 31/12/2010 നും ഇടയിൽ ഈ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ സേവന പുസ്തകങ്ങൾ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിൽ നിന്നും, ഉദ്യോഗസ്ഥൻമാർ, ഓരോ ജില്ലാ പഞ്ചായത്തിലും നേരിട്ട് വന്ന് പരിശോധിച്ചിരുന്നു. മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ ടി രേഖകളും ജില്ലാ പഞ്ചായത്തുകളിൽ വെച്ചാണ് പരിശോധിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ ന്യൂനതകൾ സൂചന (1) കത്ത് പ്രകാരം ഈ ഓഫീസിൽ അറിയിക്കുകയും, സൂചന 2,3 എന്നിവ പ്രകാരം പ്രസ്തുത വിവരം എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയും അറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ നൽകിയ മറുപടിയിൽ ചില ജീവനക്കാരെക്കുറിച്ചുള്ള വിവരം ലഭ്യമല്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ടി കാരണത്താൽ ന്യൂനതകൾ പരിഹരിക്കാൻ കഴിയാത്ത സാഹചര്യമാണ് ഉള്ളത്.

മേൽ വിഷയങ്ങൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിവരം ലഭ്യമല്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള സാങ്കേതിക വിഭാഗം ജീവനക്കാർ പ്രസ്തുത ജില്ലകളിലെ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവരാണെന്ന് സംശയിക്കുന്നു. ആയതിനാൽ എല്ലാ മുനിസിപ്പൽ എഞ്ചിനീയർമാരും അതതു ജില്ലാ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് ടി ജീവനക്കാരുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണ്. ഇപ്രകാരം ശേഖരിക്കുന്ന ജീവനക്കാരുടെ സേവന പുസ്തകത്തിലെ ന്യൂനതകൾ അടിയന്തരിമായി പരിഹരിച്ച് ബന്ധപ്പെട്ട ജില്ലാ പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന അധികാരികൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതാണെന്നു കൂടി അറിയിക്കുന്നു.

ചീഫ് എഞ്ചിനീയർ

പകർപ്പ്:

1. സൂപ്രണ്ടിംഗ് എഞ്ചിനീയർ/എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/ അസിസ്റ്റന്റ് എഞ്ചിനീയർ, കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി
2. എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും

എൻ.പി/